# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏഴിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി12)/1711/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 15/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി12)/1711/23 തീയ്യതി: 15/12/2023

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ഡി.വിൻസെന്റ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപകുമാരി.എം.കെ | സെക്രട്ടറി | 01-04-2022 | 10-04-2022 |

| | | | |
|---|---|---|---|
| ശ്രീ ഉമേഷ് ജി | സെക്രട്ടറി | 11-04-2022 | 04-09-2022 |
| ശ്രീമതി സിന്ധു സി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-09-2022 | 17-09-2022 |
| ശ്രീ ഉമേഷ് ജി | സെക്രട്ടറി | 18-09-2022 | 02-10-2022 |
| ശ്രീമതി മീന മാത്യു പി | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സിന്ധു.സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീമതി വിജയശ്രീ പി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി മേഘന.ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.ബി.പ്രീതി | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ ധന്യ | മെഡിക്കൽ ഓഫിസർ,ഹോമിയോ | 01-04-2022 | 19-04-2022 |
| ഡോ സുനിതാ ജോർജ്ജ് | മെഡിക്കൽ ഓഫിസർ,ഹോമിയോ | 20-04-2022 | 31-03-2023 |
| ശ്രീമതി സരിത മോഹൻ | കൃഷി ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആനി മാത്യൂ | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 01-04-2022 | 30-06-2022 |
| ശ്രീമതി റൂബി ആർ നായർ | ഹെഡ് മിസ്ട്രസ്,GLPS,നന്ത്യാട്ട് കുന്നം | 01-07-2022 | 31-03-2023 |
| ശ്രീമതി സീന അഗസ്റ്റിൻ | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 01-04-2022 | 06-07-2022 |
| ശ്രീമതി സുജ ദേവൻ വി | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 07-07-2022 | 31-03-2023 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 11-11-2022 |
| ശ്രീമതി സന്ധ്യാ ജയൻ ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-11-2022 | 07-12-2022 |
| ശ്രീ സുനിൽ കുമാർ എം ബി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 08-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ലിജി.കെ.വി. | വി.ഇ.ഒ ഏഴിക്കര സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന.കെ.പി | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 01-04-2022 | 06-05-2022 |
| ശ്രീ സുമേഷ് റ്റി എസ് | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 07-05-2022 | 28-10-2022 |
| ശ്രീ ജയൻ കെ എൻ | വി.ഇ.ഒ കോട്ടുവള്ളി സർക്കിൾ | 29-10-2022 | 31-03-2023 |
| ഡോ.നിഷ കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 02-07-2022 |
| ഡോ.സൗമ്യ രമേഷ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 03-07-2022 | 31-03-2023 |
| ഡോ.രമ്യ പി രവീന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി അനുമോൾ പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 17-01-2023 |
| ശ്രീമതി അംബിക | ഐ സി ഡി എസ് സൂപ്പർവൈസർ | 18-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-2 |
| 4 | മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-3 |
| 5 | CFLTC യുടെ ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം | 1-1-4 |
| 6 | ബാങ്ക് അക്കൌണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-1-5 |
| 7 | LIFE- State Share നീക്കിയിരുപ്പ്- ബാങ്ക് അക്കൌണ്ടു തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം. | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനതുവരുമാനം-അവലോകനം | 1-11 |
| 19 | വസ്തു നികുതി – അപാകതകൾ | 1-12 |
| 20 | തൊഴിൽ നികുതി - അപാകതകൾ | 1-13 |
| 21 | ജില്ലാപഞ്ചായത്ത് വിഹിതം ₹20,43,918.00 ചെലവു ചെയ്തില്ല. | 1-14 |
| 22 | അഗതി രഹിത കേരളം ആശ്രയ പദ്ധതി - പണം ചെലവഴിച്ചില്ല | 1-15 |
| 23 | LIFE- ബാങ്ക് അക്കൌണ്ടിൽ 1,31,123/- രൂപയുടെ കുറവ് , ഇതര അപാകതകൾ | 1-16 |
| 24 | ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ - നിലം ഭൂമി വാങ്ങി | 1-17 |
| 25 | സ്വയംതൊഴിൽ സംരഭം - തുക ചെലവാക്കാതെ സബ്സിഡി നൽകി | 1-18 |
| 26 | ജനകീയ ഹോട്ടലിന് ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകി | 1-19 |
| 27 | മൽസ്യത്തൊഴിലാളികൾക്കു വഞ്ചിയും വലയും - അധിക തുക ചെലവഴിച്ചു | 1-20 |

| | | |
|---|---|---|
| 28 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-21 |
| 29 | ബഡ്സ് സ്പെഷ്യൽ സ്കൂൾ നടത്തിപ്പിന് അംഗീകാരം നേടേണ്ടതാണ്. | 1-22 |
| 30 | പുത്തൻ തോട് ആഴം വർദ്ധിപ്പിക്കൽ- ഫേസ്-1-അപാകത | 1-23 |
| 31 | പുളിങ്ങനാട് റോഡ് അറ്റകുറ്റപണികൾ-അപാകത | 1-24 |
| 32 | ടെൻഡർ തുക -പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല | 1-25 |
| 33 | വെള്ളക്കരം കുടിശ്ശിക - വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-26 |
| 34 | ഡെപ്പോസിറ്റ് വർക്കുകൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-27 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മൽസ്യത്തൊഴിലാളികൾക്ക വഞ്ചിയും വലയും- അധിക തുക ചെലവഴിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.07.2023 ലെ 2(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.7.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എഴിക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം
തീയതി: 15/12/2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1601479/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -539626/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 മുന്നിരിപ്പ് തുകയിൽ വ്യത്യാസം

2021-22 വർഷത്തെ ധനകാര്യപത്രികയിൽ 31.3.2022 ലെ നീക്കിയിരുപ്പ് തുക 7447488.70/- രൂപയാണ്. 2022 -23 ധനകാര്യപത്രികയിൽ 01.04.2022 ലെ മുന്നിരിപ്പ് തുക 7447493.70/- രൂപയായി ചേർത്തിരിക്കുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

### 1-1-4 CFLTC യുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം

CFLTC യുടെ പ്രവർത്തനത്തിനായുള്ള ബാങ്ക് അക്കൗണ്ട് (Bank Of India - 856310110007638) ബാലൻസ് തുക 77572/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 15,000/- രൂപയായാണ് ചേർത്തിട്ടുള്ളത്.

### 1-1-5 ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല

SUB Treasury Account No. 1036 എന്ന അക്കൗണ്ടിൽ 10,500/- രൂപ നീക്കിയിരിപ്പുള്ളതായി ചേർത്തിട്ടുണ്ട്. പാസ്സ് ബുക്ക് /ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല

### 1-1-6 LIFE- State Share നീക്കിയിരുപ്പ്- ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക B4 Schedule -ൽ Rural Housing For All ഇനത്തിൽ 13,70,000/- രൂപയാണ് നീക്കിയിരപ്പുള്ളത്. RP- 40(b)യിൽ LIFE- State Share നുള്ള ബാങ്ക് അക്കൗണ്ടിൽ (SBI- 38997000152) 12,38,877/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. വ്യത്യാസത്തിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല 2022-23ലെ LIFE- State Share നുള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-1-7 CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല.

CFC Grant -ധനകാര്യപത്രികയും ACR മായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 23.03.2022 ലെ 2ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് (₹) |
|---|---:|
| മുന്നിരിപ്പ് | 43,17,001 |
| വരവ് | 21,75,58,500 |
| ആകെ | 22,18,75,501 |
| ചെലവ് | 22,00,56,000 |
| നീക്കിയിരിപ്പ് | 18,19,501 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | ₹74,47,493.70 |
| വരവ് | ₹2,40,33,585.00 |
| ആകെ | ₹3,14,81,078.70 |
| ചെലവ് | ₹2,56,35,064. |
| നീക്കിയിരിപ്പ് | ₹58,46,014.70 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രകയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | 0 | 95,23,761 | 95,23,761 | 95,23,761 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 77,05,429 | 77,05,429 | 7502475 | 202954 | |
| വികസനഫണ്ട്- ടി.എസ്.പി | 0 | 1,28,150 | 1,28,150 | 78,383 | 49,767 | |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 58,26,000 | 58,26,000 | 4555912 | 1270088 | |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 45,70,000 | 45,70,000 | 41,87,772 | 382228 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 15,05,508 | 40,23,369 | 55,28,877 | 40,07,578 | 239868 | 12,81,431 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied | 54,319 | 20,38,000 +163632 =22,01,632 | 22,55,951 | 19,76,381 | 61,619* | 2,17,951 |
| MP-LAD Fund | | 1127594 | 1127594 | 1113440 | | 14154 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം- | 33 | 996238 | 996271 | 996238 | 0 | 33 |
| TSC | 87,469 | 0 | 87,469 | 0 | | 87,469 |
| ലൈഫ് ഭവനം | 1370000 | 0 | 1370000 | 0 | 0 | 1370000 |
| സാക്ഷരത | 1221 | 0 | 1221 | 0 | 0 | 1221 |
| ശുചിത്വ മിഷൻ | 28685 | 0 | 28685 | 11500 | 0 | 17185 |
| ജനകീയ ഭവനം | 115521 | 3282 | 118803 | 0 | 0 | 118803 |
| സാനിറ്റേഷൻ | 172320 | 5813 | 178133 | 54994 | 0 | 123139 |

| | | | | | | |
|---|---|---|---|---|---|---|
| ബഡ്സ് സ്കൂൾ | 478350 | 594200 | 10,72,550 | 10,72,550 | 0 | |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- എ.സി.ആർ പ്രകാരം 77410/-രൂപയാണ് ലാപ്സ് ആയ തുകയായി ഉള്ളത്. പലിശയിനത്തിലുള്ള വരവ് 51831/-രൂപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധനകാര്യപത്രികയും ബാങ്ക് അക്കൗണ്ടുമായും പൊരുത്തപ്പെടുത്തിയിട്ടില്ല.

* വികസനഫണ്ട് (ജനറൽ)-ജി.ഒ.പ്രോജക്ട് തുക:20,44,432/-

** വികസനഫണ്ട് (എസ്.സി.പി)-ജി.ഒ.പ്രോജക്ട് തുക:17,08,320/-

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 72003740 | 113 | 45831069 | 28 | 28 | 66.86% |

പൂർത്തീകരിക്കാത്ത പദ്ധതികൾ അടുത്ത വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 65 | 1185375 | 1185440 | 1184910 | 530 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 22823658 | 22823658 | 22823658 | |
| ആകെ | 65 | 24009033 | 24009098 | 24008568 | 530 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3601800 | 317 |
| വിധവാപെൻഷൻ | 7793200 | 729 |
| വാർദ്ധക്യകാലപെൻഷൻ | 17584600 | 1888 |
| വികലാംഗപെൻഷൻ | 2546400 | 228 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 824400 | 77 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8691.00 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1)ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം താരതമ്യേന കുറവാണ്. എന്നാൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കാര്യമായി കൈക്കൊള്ളുന്നില്ല. നികുതി വരുമാനങ്ങളുടെ പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2)വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3)പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

4)അനധികൃത കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.12.2022 | ഏപ്രിൽ 2022 മുതൽ നവംബർ 2022 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.2016 | 2011-12 മുതൽ 2015-16 വരെ | 22.04.2017 |

## 1-11 തനതുവരുമാനം-അവലോകനം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലാണ് 15.27 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഏഴിക്കര ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ആകെ 14 വാർഡുകളാണുള്ളത്. പഞ്ചായത്തിന്റെ തനതുവരുമാനങ്ങളായ നികുതി, ഫീസുകൾ, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാനപ്പെട്ട വരവുകളുടെ വിവരങ്ങൾ

2022-23 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിലെ Receipts & Payments A/c ഉൾപ്പെട്ടിട്ടുള്ള പ്രധാന തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് ഹെഡ് | തുക |
|---|---|---|
| 1 | Tax Revenue | 4,88,840.00 |
| 2 | Fees & User Charges | 3,01,717.00 |
| 3 | Sale & Hire Charges | 3,08,380.00 |
| 4 | Sundry Debtors (Receivables) | 33,08,227.00 |
| | ആകെ | 4,407,164.00 |

തനതുവരുമാനങ്ങൾ പിരിച്ചെടുക്കാനുള്ളതിന്റെ വിശദാംശങ്ങൾ

2022-23 ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് പിരിച്ചെടുക്കാൻ കുടിശ്ശികയുള്ള

നികുതി, ഫീസുകൾ, ലേലതുക തുടങ്ങി നികുതി - നികുതയിതര വരുമാനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് അക്കൗണ്ട് | തുക |
|---|---|---|
| 1 | Receivables For Property Tax On Residential Buildings(Current) | 25,115 |
| 2 | Receivables For Property Tax On Non-Residential Buildings (Current) | 15,145 |
| 3 | Receivables For Property Tax On Residential Buildings (Arrears) | 23,092 |
| 4 | Receivables For Property Tax On Non-Residential Buildings (Arrears) | 49,317 |
| | ആകെ | 1,12,669 |

1. മേൽ പട്ടിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിലെ വസ്തു നികുതിയുടെ ആകെ കുടിശ്ശിക (Current + Arrears) 1,12,669 രൂപയാണ്.

2. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 41 സ്ഥാപനങ്ങൾ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 176 ആണ്.

3. പഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ ആകെ എണ്ണം 716 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 472 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 16 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 4 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 25 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 5 |
| 6 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 65 |
| 7 | ആശുപത്രികൾ | 2 |
| 8 | ഇതര വ്യവസായാവശ്യങ്ങൾക്കുള്ളവ | 41 |
| 9 | വ്യവസായാവശ്യത്തിനുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 85 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 1 |
| | ആകെ | 716 |

മേൽ പട്ടിക പ്രകാരം 716 വാണിജ്യ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ആകെ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 176 മാത്രമാണ്. ഇതിൽ പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലാത്തതിനാലും, ചില സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഒന്നിലധികം കെട്ടിടങ്ങളുള്ളതിനാലും (കെട്ടിടങ്ങളുടെ എണ്ണം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവുമായി പൊരുത്തപ്പെടേണ്ടതില്ലെങ്കിലും) ലൈസൻസെടുക്കാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് ആത്യാവശ്യമാണ്.

4. 2022-23 സാമ്പത്തിക വർഷത്തെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ വളരെ കുറച്ച് കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്ഥാപനങ്ങൾ ലൈസൻസിനപേക്ഷിക്കുമ്പോൾ തന്നെ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതും, സ്ഥാപനങ്ങളുടെ വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നികുതി അടവാക്കേണ്ട തീയതിയ്ക്ക് മുമ്പ് തന്നെ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. ഇതു മൂലം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താവുന്നതാണ്.

2. പഞ്ചായത്തിന്റെ 14 വാർഡുകളിലെയും കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും അടിയന്തിരമായി കുടിശ്ശിക അടക്കമുള്ള വസ്തു നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4. പഞ്ചായത്ത് പരിധിയിലുള്ള അനധികൃത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ച് വസ്തുനികുതി നിയമാനുസൃതം ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 1-12 വസ്തു നികുതി - അപാകതകൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രസിഡന്റ്, എസ്.എൻ.ഡി.പി.യൂണിയന്റെ ഉടമസ്ഥതയിലുള്ള എസ്.എൻ ആർട്ട്സ് ആന്റ് സയൻസ് കോളേജ്, കെടാമംഗലം എന്ന സ്ഥാപനം നിലനിൽക്കുന്ന 13/23 എ മുതൽ ഇ വരെയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി അസസ്മെന്റ് നടത്തിയിട്ടില്ല എന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-12 ഖണ്ഡികയിൽ പരാമർശിച്ചിരുന്നു. ടി കെട്ടിടത്തിന്റെ വസ്തു നികുതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ടി സ്ഥാപനം തദ്ദേശസ്വയംഭരണ വകുപ്പ് മുൻപാകെയുള്ള ട്രൈബ്യൂണലിൽ അപ്പീൽ നൽകിയിട്ടുള്ളതും ബഹു. ട്രൈബ്യൂണൽ 26.11.2022 ലെ 338/2018 നമ്പർ കേസ് അപേക്ഷകൻ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ പ്രസ്തുത അപേക്ഷ തള്ളിയിട്ടുള്ളതാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ വസ്തു നികുതി അസസ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

2) 24.02.2023 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 10.1 തീരുമാനപ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലുള്ള വിദ്യാഭ്യാസം എന്ന ഉപയോഗക്രമത്തിലുള്ള VIII/298 നമ്പർ കെട്ടിടം (അൺ എയ്ഡഡ് സ്ഥാപനം) സെൻറ് ജോസഫ് കോൺവെന്റിന്റെ ഉടമസ്ഥതയിലുള്ളതും വാർഷിക നികുതി ഇനത്തിൽ (LIBRARY CESS,SERVICE CHARGE ഉൾപ്പെടെ) ₹4,175/- നിരക്കിൽ 2013-14 വർഷം മുതൽ 2022-23 വർഷം വരെ ₹41,750/- അടവാക്കാനുണ്ട്. ബഹു. ഹൈക്കോടതിയുടെ 23/11/2018 ലെ WP(C)NO: 13439 OF 2016 ജഡ്ജ്മെൻറ് പ്രകാരം ടി നമ്പർ കെട്ടിടത്തിന്റെ ആരാധനാലയമായി ഉപയോഗിക്കുന്ന ഭാഗത്തിന് നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന് തീരുമാനമെടുക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 30/09/2019 ലെ 1(6) നമ്പർ തീരുമാന പ്രകാരം പൊതു ആരാധനാലയത്തിന് മാത്രം ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വസ്തു നികുതി ഒഴിവാക്കുന്നതിനും ബാക്കി ഭാഗങ്ങൾക്ക് നികുതി ചുമത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപെൻസി മാറ്റങ്ങൾ വരുത്തുന്നതിന് അപേക്ഷയും പുതുക്കിയ പ്ലാനും സമർപ്പിക്കുന്നതിന് 21/10/2019, 05/11/2019 എന്നീ തീയതിയിൽ സെന്റ് ജോസഫ് കോൺവെന്റ്, മദർ സുപ്പീരിയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇത് സംബന്ധിച്ച് നാളിതുവരെ അപേക്ഷയും പ്ലാനും സമർപ്പിച്ചിട്ടില്ലാത്തതും കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഹൈക്കോടതിയിൽ

കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും, ഈ സാഹചര്യത്തിൽ കെട്ടിട നികുതി ഈടാക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി വക്കീലിന്റെ നിയമോപദേശം തേടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയുണ്ടായി. എന്നാൽ ടി കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച രണ്ട് വിഷയത്തിലും കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാതിരുന്നതിന്റെ കാരണവും, ടി വിഷയങ്ങൾ സംബന്ധിച്ച് നിലവിൽ കേസുകൾ നടക്കുന്നുണ്ടെങ്കിൽ അതിന്റെ വിവരവും വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 11.11.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 ന് മറുപടി ലഭ്യമാക്കിയതിൽ പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് നിലവിൽ കേസുകൾ ഉണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ കേസുകൾ നിലനിൽക്കുന്ന വിഷയങ്ങളിൽ ആയവ തീർപ്പാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, പഞ്ചായത്തിന് തീരുമാനമെടുക്കാവുന്ന വിഷയത്തിൽ കുടിശ്ശിക അടക്കമുള്ള വസ്തു നികുതി പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും ഈടാക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 13 | 8/224 | ഷോൺ ഡി എം ഇ & അസോസിയേറ്റ്സ് | 7 |
| 2 | 19 | 12/370 | ബിസ്മി ടിംബർ ഫർണീച്ചർ | 5 |
| 3 | 46 | 12/210 സി | റേ ഇന്റ് | 2 |
| 4 | 47 | 5/20 | ലക്ഷ്മി ഫുഡ് പ്രോഡക്റ്റ്സ് | 8 |
| 5 | 143 | 5/374 | സർവ്വോദയ സ്പൈസസ് യൂണിറ്റ് | 4 |
| 6 | 162 | 13/222 | കാർത്തിക പ്രിന്റേഴ്സ് | 3 |

2. തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കരാറുകാർ ആരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 09.11.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 ന് മറുപടി ലഭ്യമാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ആയതിനാൽ ഖണ്ഡിക നമ്പർ 1,2 എന്നിവയിൽ പരാമർശിച്ച ജീവനക്കാരുടെ തൊഴിൽ

നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 ജില്ലാപഞ്ചായത്ത് വിഹിതം ₹20,43,918.00 ചെലവു ചെയ്തില്ല.

ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച ഗ്രാന്റ് തുകകൾ 2022-23 വർഷവും ചെലവ് ചെയ്തിട്ടില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അനുവദിച്ച തുക | ചെലവു ചെയ്ത തുക | ബാക്കി തുക |
|---|---|---|---|---|
| 1 | ഭവന പദ്ധതി(SCP) | 18,00,000 | - | 18,00,000 |
| 2 | ഇട്ടിയം പറമ്പ് റോഡ് നവീകരണം | 500000 | 4,52,138 | 47,862 |
| 3 | പാടത്തു പറമ്പ് റോഡ് നവീകരണം | 11,00,000 | 9,10,631 | 1,89,369 |
| 4 | ഫിഷർമാൻ റോഡ് നവീകരണം | 7,00,000 | 6,93,313 | 6,687 |

ഇതിൽ ഭവന പദ്ധതിയ്ക്കായി (SCP) നല്കിയ തുക 18 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കാൻ അവശേഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ഭവന പദ്ധതിയിൽ (SCP) ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നത് ചെലവഴിച്ചിട്ടില്ലാത്തിനാൽ പ്രസ്തുത ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ചെലവഴിച്ച തുക ഏത് ഫണ്ടിൽ നിന്നുള്ള ചെലവാണെന്നത് വ്യക്തമാക്കേണ്ടതാണ്. സൂചിപ്പിച്ചിട്ടുള്ള തുകകൾ ജില്ലാപഞ്ചായത്തിന്റെ ഗ്രാന്റു തുകയുടെ ചെലവായതിനാൽ വിനിയോഗിക്കാനവശേഷിക്കുന്ന തുക തിരികെ ജില്ലാ പഞ്ചായത്തിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-15 അഗതി രഹിത കേരളം ആശ്രയ പദ്ധതി - പണം ചെലവഴിച്ചില്ല

22.8.2022ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം 7/1

ഫയൽ നം 1359/22

അഗതി രഹിത കേരളം ആശ്രയ പദ്ധതിയ്ക്കായി 2008-09 വർഷം അനുവദിച്ച പദ്ധതി തുക ചെലവഴിക്കാതിരുന്ന ₹3,00,000.00 തുടർന്ന് ചെലവഴിക്കുന്നതിന് സൂചിത കമ്മിറ്റിയിൽ തീരുമാനമായിട്ടുള്ളതാണ്. എന്നാൽ മുൻകാലങ്ങളിൽ അനുവദിച്ച പദ്ധതി തുക ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. ടി തുകയുടെ തുടർ നടപടി വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (നം 18 തീയതി 13.11.2023 ) ഇതു സംബന്ധിച്ച ഫയലോ മറുപടിയോ ലഭ്യമാക്കിയില്ല. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 LIFE- ബാങ്ക് അക്കൌണ്ടിൽ 1,31,123/- രൂപയുടെ കുറവ് , ഇതര അപാകതകൾ

1) LIFE- State Share നീക്കിയിരുപ്പ്: ബാങ്ക് അക്കൌണ്ടിൽ ₹1,31,123.00 കുറവ്.

വാർഷിക ധനകാര്യ പത്രിക B4 Schedule -ൽ Rural Housing For All ഇനത്തിൽ ₹13,70,000.00 നീക്കിയിരിപ്പ് ഉണ്ട്. RP- 40(b)യിൽ LIFE- State Share നുള്ള ബാങ്ക് അക്കൗണ്ടിൽ (SBI- 38997000152) 12,38,877/- രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. വ്യത്യാസത്തിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല 2022-23ലെ LIFE-

State Share നള്ള ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) LIFE- State Share വരവ്- ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

LIFE- State Share ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടതിന്, ടി തുക Rural Housing For All എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് നല്കിയത് . LIFE- State Share ഇനത്തിൽ ആകെ ലഭിച്ച തുകയും അവയുടെ വിനിയോഗ വിവരവും ഓഡിറ്റ് എൻക്വയറി (നം.4 തീയതി 07.11.2023) മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

3. ലൈഫ് പദ്ധതി നടത്തിപ്പിനായി ലഭിച്ച KURDFC ലോൺ

എഴിക്കര ഗ്രാമപഞ്ചായത്തിന് ലൈഫ് പദ്ധതി നടത്തിപ്പിനായി ആകെ ലഭിച്ച KURDFC ലോൺ സംബന്ധിച്ചുള്ള വിശദാംശങ്ങളും അതിൽ എത്ര തുക വി ഇ ഒ-യ്ക്ക് നല്കിയെന്നുമുള്ള രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. സർക്കാരിൽ നിന്നും വെള്ളപ്പൊക്ക ദുരിതാശ്വാസ തുകയും ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതായതിനാൽ KURDFC ലോൺ വിനിയോഗം സംബന്ധിച്ചുള്ള കൃത്യത ഉറപ്പാക്കുന്ന ഉത്തരവുകളും അക്കൗണ്ട് വിശദാംശങ്ങളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ - നിലം ഭൂമി വാങ്ങി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | S060/23, ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ ജനറൽ |
| നിർവ്വഹണം | വി.ഇ.ഒ |
| അടങ്കൽ | ₹10,00,000.00 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം - ₹2,00,000.00<br>മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹4,00,000.00<br>മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം - ₹4,00,000.00 |
| ചെലവ് | ₹400000.00 (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം - ₹2,00,000.00<br>മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - ₹2,00,000.00) |
| ബിൽ നമ്പർ തീയതി | 3/2022-23തീ. 18-6-2022 - ₹2,00,000.00<br>7/2022-23 തീ. 2-2-2023 - ₹2,00,000.00 |

പ്രൊജക്റ്റ് പ്രകാരം പ്രമീള ഉണ്ണികൃഷ്ണൻ നീരൊഴുക്കുങ്കൽ നന്ത്യാട്ടുകുന്നം എന്ന വ്യക്തിക്ക് കെ.ഷൈജു S/O വറീത് കല്ലുമഠത്തിൽ വീട് വള്ളുവള്ളി എന്നയാളിൽ നിന്നും , വാസു.സി.പി കാരോത്ത് ഏഴിക്കര എന്ന വ്യക്തിക്ക് അജി പി.ജി പെരുംതിട്ടപ്പറമ്പിൽ എന്നയാളിൽ നിന്നും ഭൂമി വാങ്ങുന്നതിന് യഥാക്രമം 3/2022-23 തീ. 18-06-2022, 7/2022-23 തീ. 02-02-2023 നമ്പർ ബില്ലുകൾ മുഖേന ₹2,00,000.00 വീതം ചെലവാക്കിയിട്ടുണ്ട്. പ്രമീള ഉണ്ണികൃഷ്ണന് കെ.ഷൈജുവിൽ നിന്നും പറവൂർ താലൂക്ക് - പഴയ സർവ്വേ നമ്പർ - 175/1-9 ൽ 1.21 ആർ ഭൂമിയാണ് ₹3,25,000.00 തീറുവില നിശ്ചയിച്ച് ലഭ്യമായത്. ഏഴിക്കര എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ 08-03-2022 ലെ LSGD/AE/SI/21 നമ്പർ റിപ്പോർട്ടിൽ ഈ ഭൂമിയുടെ തരം പുരയിടമായാണ് രേഖപ്പെടുത്തിയത്. എന്നാൽ പൊസഷൻ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ

അക്കൌണ്ട് വിവരങ്ങൾ, കരം ഒടുക്കിയ രസീത് എന്നിവ പ്രകാരം ഈ ഭൂമിയുടെ തരം നിലം (WET)ആണ്. ലൈഫ് പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം മേൽ പ്രൊജക്ടിനായി നിലം ഭൂമി വാങ്ങാൻ പാടുള്ളതല്ല. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10-3-2020 ലെ എൽ.എം/2019/ലൈഫ് നമ്പർ - പതിവ് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിൽ മേൽ പ്രൊജക്ടിന് വെറ്റ് ലാന്റ്/ തണ്ണീർത്തടം/ നിലം തരത്തിലുള്ള ഭൂമി വാങ്ങാൻ പാടില്ലെന്നും റവന്യൂ രേഖകളിൽ പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള വസ്തു മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത സൂചിപ്പിച്ചും ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടും വി.ഇ.ഒ-ക്കും, നിലം ഭൂമിയായിട്ടും പുരയിടം എന്ന് റിപ്പോർട്ട് നൽകിയതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർക്കും നൽകിയ എൻക്വയറിക്ക് വി.ഇ.ഒ-യിൽ നിന്ന് ലഭ്യമായ മറുപടിയിൽ മേൽ നിലം ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും പെർമ്മിറ്റ് ലഭിച്ച് ഭവനനിർമ്മാണം പൂർത്തിയായെന്നും രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നില്ല എന്ന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നെന്നും ക്ലറിക്കൽ പിശക് മൂലമാണ് പുരയിടം എന്ന് രേഖപ്പെടുത്തിയതെന്നും പെർമ്മിറ്റ് നൽകി വീട് നിർമ്മാണം പൂർത്തീകരിച്ചെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖക്ക് വിരുദ്ധമായി മേൽ പ്രൊജക്ട് പ്രകാരം നിലം ഭൂമി വാങ്ങിയത് തെറ്റായ നടപടിയാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-18 സ്വയംതൊഴിൽ സംരഭം - തുക ചെലവാക്കാതെ സബ്സിഡി നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0127/23, സ്വയംതൊഴിൽ സംരഭം ടി എസ് പി |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 50000/- (വികസന ഫണ്ട് ടി എസ് പി) |
| ചെലവ് | 50000/- (വികസന ഫണ്ട് ടി എസ് പി) |
| ബിൽ നമ്പർ | 13/2022-23 ,തീയതി - 16/01/2023, തുക 27400/-<br>29/2022-23 ,തീയതി - 16/03/2023, തുക 22600/- |

പ്രൊജക്ട് പ്രകാരം സുലേഖ എൽ.കെ എന്ന വ്യക്തിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് (വസ്ത്രങ്ങൾ വിൽക്കൽ) 50000/- രൂപ ചെലവാക്കിയിട്ടുണ്ട്. 30-6-2022 ൽ ചേർന്ന ഊരുക്കൂട്ട തീരുമാന പ്രകാരം ടിയാൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് 50000/- രൂപ നൽകണമെന്ന് നിർദ്ദേശം ലഭിച്ചെന്നും ആയത് പ്രകാരം 2022-2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുകയും ചെയ്തെന്ന് ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽ പ്രൊജക്ടിന് 75% സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ ടി പ്രൊജക്ടിനായി ഗുണഭോക്താവ് തുക ചെലവാക്കിയതായി കാണുന്നില്ല. ആകെ ചെലവാക്കിയ തുകയുടെ വിവരങ്ങൾ ലഭ്യമായില്ല. പ്രൊജക്ട് കോസ്റ്റ് തയ്യാറാക്കിയില്ല. ടിയാൾ ആരംഭിച്ച സംരംഭം നിലവിലും പ്രവർത്തിക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമായില്ല. ടി രേഖകൾ ലഭ്യമാക്കണമെന്നും ഏത് മാനദണ്ഡപ്രകാരമാണ് തുക അനുവദിച്ചതെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി രേഖകളോ മറുപടിയോ ലഭ്യമാക്കിയില്ല. ഗുണഭോക്താവ് തുക ചെലവാക്കാതെ സബ്സിഡി തുക നൽകുന്നത് മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-19 ജനകീയ ഹോട്ടലിന് ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | S0117/23, ജനകീയ ഹോട്ടൽ |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹50000.00 (വികസന - പൊതുവിഭാഗം സാധാരണ വിഹിതം ₹30000.00 , മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹20000.00) |
| ചെലവ് | ₹48415.00 ( ₹20000.00 (28415.00 വികസന - പൊതുവിഭാഗം സാധാരണ വിഹിതം , ₹20000.00 മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

പ്രൊജക്ടിൽ ഉൾപ്പെടുത്തി 7/2022-23 തീ 31-10-2022 നമ്പർ ബിൽ മുഖേന ₹20000.00 തെക്കിനേടത്ത് വെസ്സൽസ് എന്ന സ്ഥാപനത്തിന് നൽകി ജനകീയ ഹോട്ടലിലേക്ക് പാത്രങ്ങളും ഫർണ്ണീച്ചറുകളും വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 6-3-2020 ലെ സ.ഉ.(കൈ)നം.45/2020 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ജനകീയ ഹോട്ടൽ കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/ നഗരസഭ മുടക്കം കൂടാതെ വഹിക്കേണ്ടതാണ്. എന്നാൽ ജനകീയ ഹോട്ടലിന് ആവശ്യമായ പാചക പാത്രങ്ങൾ, ഭക്ഷണ വിതരണ പാത്രങ്ങൾ, ഗ്ലാസ്സുകൾ, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ ലഭ്യമാക്കുന്നതാണ്. ഇവ കുടുംബശ്രീ ലഭ്യമാക്കുന്നതിന് പകരം മേൽ പ്രൊജക്ട് മുഖേന പഞ്ചായത്ത് വാങ്ങി നൽകുകയാണ് ചെയ്തത്. സർക്കാർ ഉത്തരവിന് വിരുദ്ധമായ മേൽ വാങ്ങൽ തെറ്റായ നടപടിയാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ₹20000.00 കുടുംബശ്രീ ഫണ്ടിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അത് വരെ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 മൽസ്യത്തൊഴിലാളികൾക്കു വഞ്ചിയും വലയും - അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൽസ്യത്തൊഴിലാളികൾക്കു വഞ്ചിയും വലയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ടിന്റെ നം / വർഷം | S046/23 |
| അടങ്കൽ തുക / ഫണ്ട് | 1)₹30,000.00 |
| ചെലവ് തുക/ ബിൽ നം തിയതി | 1)₹30,000.00<br>ബിൽ നമ്പർ 7<br>തീയതി 24.05.2022 |

ഏഴിക്കര ഗ്രാമപഞ്ചായത്ത് സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് 2022-23 വർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയ മൽസ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും എന്ന പ്രോജക്ടിനായി 30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ചെലവു വിവരം പരിശോധിക്കുന്നതിനായി രേഖകൾ ഹാജരാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി (നം 14 തീയതി 09.11.2023) പ്രകാരം ഹാജരാക്കിയ മറുപടി 2021-22 വർഷം നടപ്പാക്കിയ 6 ഗുണഭോക്താക്കൾക്ക് വഞ്ചിയും വലയും നല്കുന്നതിനായുള്ള 79/22നം പ്രോജക്ടിൽ വല വാങ്ങുന്നതിന് ചെലവ് വന്ന ₹30,000.00 മൽസ്യഫെഡ് വ്യാസ സ്റ്റോറിന് നല്കേണ്ട തുക 2022-23 വർഷം സ്പിൽ ഓവർ പ്രോജക്ടായി നല്കുന്ന എന്നാണ്. പ്രോജക്ട് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. എന്നാൽ ഹാജരാക്കിയ ഫയലിൽ വല വാങ്ങുന്നതിന് ചെലവ് വന്ന ₹30,000.00 ഉൾപ്പെടെ വഞ്ചിയും വലയും വാങ്ങുന്നതിനായുള്ള ആകെ തുകയും 2021-22 വർഷം തന്നെ ചെലവ് ചെയ്തിട്ടുള്ളതിനാൽ തുക അധികമായി ചെലവ് ചെയ്തിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-21 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

എഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2022-23 വർഷം നടപ്പാക്കിയ ഡയാലിസിസ് രോഗികൾക്ക് ധനസഹായം -ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ എന്ന പ്രോജക്ടിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം/ചെക് നം / തുക |
|---|---|---|---|
| 198/23 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം | 11000/-വികസന ഫണ്ട് | ബിൽ നം 338തി 28.03.2023 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ഈയിനത്തിലെ ₹11000.00-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ബഡ്സ് സ്പെഷ്യൽ സ്കൂൾ നടത്തിപ്പിന് അംഗീകാരം നേടേണ്ടതാണ്.

2022-23 വർഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് മുഖേനയും തനത് ഫണ്ടിൽ നിന്ന് പ്രോജക്ട് തയ്യാറാക്കാതെയും ധാരാളം തുക ബഡ്സ് സ്പെഷ്യൽ സ്കൂൾ നടത്തിപ്പിന് ചെലവഴിച്ചിട്ടുള്ളതാണ്. സ.ഉ (കൈ)നം 133/2019 പൊ.വി.വ. തീയതി 30.8.2019 ലെ നിബന്ധനകൾ പ്രകാരം ബഡ്സ് സ്പെഷ്യൽസ്കൂൾ RPWD രജിസ്ട്രേഷൻ പുതുക്കുന്നതിന് 12.12.2022-ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം 11/1 പ്രകാരം തീരുമാനമായിട്ടുള്ളതാണ്. എന്നാൽ പൊതുവിദ്യാഭ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ഉത്തരവുകൾ പ്രകാരം ബഡ്സ് സ്പെഷ്യൽസ്കൂൾ രജിസ്ട്രേഷൻ പുതുക്കുകയോ, അല്ലെങ്കിൽ സാമൂഹ്യനീതി വകുപ്പിന്റെ നിർദ്ദേശം പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററായി നടത്തുന്നതിന് അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ബഡ്സ് സ്പെഷ്യൽ സ്കൂൾ/ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പിന് അംഗീകാരം നേടേണ്ടതാണ്.

## 1-23 പുത്തൻ തോട് ആഴം വർദ്ധിപ്പിക്കൽ- ഫേസ്-1-അപാകത

| | |
|---|---|
| പ്രൊജക്ട് | 52/22 പുത്തൻ തോട് ആഴം വർദ്ധിപ്പിക്കൽ- ഫേസ്-1 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹4,95,000/-(സി.എഫ്.സി.ഫണ്ട്) |
| ചെലവ് | ₹4,95,000/- |

| | |
|---|---|
| | ഇ.ട്രാൻസ്ഫർ വിവരം-XVFC/2022-23/P/4/ 23-04-2022 |
| കരാറുകാരൻ | ലിയാകത്ത് അലി മൂപ്പൻ |
| എം.ബുക്ക് | 289/21-22 |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പുത്തൻ തോട് ആഴം വർദ്ധിപ്പിക്കൽ- ഫേസ്-1 എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് പ്രകാരം തോട് ക്ലീൻ ചെയ്ത് ചെളിയും മണ്ണും മാറ്റി പൊക്കാളി പാടത്തേക്ക് വെള്ളത്തിന്റെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനാണ് പ്രവൃത്തി ലക്ഷ്യമിട്ടത്. ഇതിനായി കരാറുകാരൻ ക്വോട്ട് ചെയ്തത് 10% എസ്റ്റിമേറ്റ് തുകയിൽ നിന്നും അധിക നിരക്കിലാണ് .അതിൻ പ്രകാരം അളവ് പുസ്തകം ഇനം-2 ആയി ചെയ്തത് 8191.160 എം3 എർത്ത് വർക്ക് എക്സ്കവേഷൻ ആണ്. ഈ ഇനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയത് 2625 എം3 ആണ് . ആയതിനാൽ 2625 എം3 എർത്ത് വർക്ക് എക്സ്കവേഷൻ ആയി നിജപ്പെടുത്തി 176.19/ എം3 നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അപാകതകൾ കാണുന്നു. 8191.160 എം3 വർക്ക് ചെയ്തതിൽ നിന്നും ലഭിച്ച മണ്ണിന്റെ വിവരം അളവ് പുസ്തകത്തിൽ സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (912/09.11.2023) ലഭ്യമാക്കിയ മറുപടിയിൽ അളവ് പുസ്തകത്തിൽ ചേർക്കാൻ വിട്ടു പോയതാണെന്ന് വ്യക്തമാക്കി. ഇത്തരം അപാകത ഇല്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-24 പുളിങ്ങനാട് റോഡ് അറ്റകുറ്റപണികൾ-അപാകത

| | |
|---|---|
| പ്രൊജക്റ്റ് | 101/22 പുളിങ്ങനാട് റോഡ് അറ്റകുറ്റപണികൾ,വാർഡ്-10 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹20,50,000/-(ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെലവ് | ബിൽ നമ്പർ/തീയതി-46/2022-23-22.08.23-₹20,00,000/-<br>നമ്പർ/തീയതി-43/2022-23-22.08.23-₹50,000/-<br>ആകെ ₹20,50,000/- |
| കരാറുകാരൻ | സുധീഷ്.പി.എസ് |
| എം.ബുക്ക് | 395/21-22 |

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ പുളിങ്ങനാട് റോഡ് നവീകരണം എന്ന പ്രോജക്റ്റിൽ നിലവിലുള്ള റോഡ് റീടാറിംഗും തകർന്ന പാർശ്വ ഭിത്തി അറ്റകുറ്റപണികളും ടൈൽ വിരിക്കലും എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. നിലവിൽ പാലത്തിനോട് ചേർന്ന് പാർശ്വഭിത്തി തകർന്നത് ഏകദേശം 108 മീറ്റർ പുതുക്കി പണിയുന്നത് ഉൾപ്പെടെയാണ് പ്രവൃത്തി ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) അളവ് പുസ്തകം പേജ്-1 പ്രകാരം 115 മീറ്റർ പാർശ്വഭിത്തി ഡിസ്മാന്റിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 33 മീറ്റർ മാത്രം പ്രവൃത്തി ചെയ്യുന്നതിന് ആവശ്യമായ ഡിപ്പാർട്ട്മെന്റൽ സപ്ലൈ ഡ്രൈ റബിൾ ഐറ്റം ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തത്. ബാക്കിയുള്ള പ്രവൃത്തിക്ക് കൂടിയ

നിരക്കാണ് അനുവദിച്ചത്. അതായത് ഡിസ്മാന്റിൽ പ്രവൃത്തിയിൽ കുറവ് കല്ലാണ് ലഭ്യമായത് എന്ന് വ്യക്തമാണ്.

2) എസ്റ്റിമേറ്റ് ഇനം -5 10.7 (Spec) Painting On Concrete/steel Surfaces With Epoxy ആയി 18.900 Sqm ഉൾപ്പെടുത്തിയിരുന്നു. ഇതുപ്രകാരം പുതിയതായി പണിത പാർശ്വ ഭിത്തിയിൽ പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 103 പോസ്റ്റുകൾ സ്ഥാപിച്ചതിൽ പെയിന്റ് ചെയ്തിട്ടുണ്ടെങ്കിലും പാർശ്വ ഭിത്തിയുടെ ഉപരിതലം പെയിന്റ് ചെയ്യേണ്ടതിന്റെ ആവശ്യകതയില്ലായെന്ന് വിലയിരുത്തുന്നു. മേൽ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഈ ഐറ്റം ഉൾപ്പെടുത്തി ചെയ്തതായി കാണുന്നു. ഇത് അനാവശ്യ ചെലവായി വിലയിരുത്തുന്നു. അളവ് പുസ്തകം പേജ് -40 ൽ 202.380 എ3 ഉപരിതലം പെയിന്റ് ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഉപരിതലം പെയിന്റ് ഉപയോഗിച്ച് പ്രവൃത്തി ചെയ്തെങ്കിലും കാഴ്ചയിൽ വൃത്തിയായും പൂർണ്ണമായും ചെയ്തതായി കാണുന്നില്ല. പ്രവൃത്തികൾ ചെയ്യുമ്പോൾ എന്തെല്ലാമാണ് ചെയ്യേണ്ടത് എന്ന് മുൻകൂട്ടി നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും വളരെ അത്യാവശ്യമില്ലാത്ത പ്രവൃത്തികൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-25 ടെൻഡർ തുക -പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി ഏഴിക്കര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൌണ്ടിൽ (നം.00000037223894831) 31.03.2023 ൽ ₹68654 നീക്കിയിരിപ്പുണ്ട്. കറന്റ് അക്കൌണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശ നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു. 2022-23 സാമ്പത്തിക വർഷത്തെ ടെൻഡർ തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/13.011.2023) തുക ഉടനെ പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 വെള്ളക്കരം കുടിശ്ശിക - വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റിക്ക് വലിയ തുക വെള്ളക്കരം ഇനത്തിൽ നൽകുവാനുള്ളതായി കാണുന്നു. B-9 ഷെഡ്യൂളിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള ലയബിലിറ്റിയായി ചേർത്തിട്ടുള്ള തുക ₹4,00,56,077.00 ആണ്. ഏത് വർഷം തുടങ്ങിയാണ് വെള്ളക്കരം കുടിശ്ശികയായത് എന്നും മുൻ വർഷങ്ങളിൽ വിവിധ ഫണ്ടുകളിൽ നിന്നുള്ള ഈടാക്കലുകൾ, ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയ തുകകൾ എന്നിവ കുറവ് ചെയ്തതിനുശേഷമുള്ള കുടിശ്ശിക തുകയാണോ ഇതെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2 തീയതി 07.11.2023 ) മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച കൃത്യമായ രജിസ്റ്ററുകളും ഫയലുകളും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആകെ 202 പൊതു ടാപ്പുകൾ മാത്രമുള്ള ഗ്രാമപഞ്ചായത്തിൽ ഇത്രയും വലിയ തുക കുടിശ്ശിക വരാനുണ്ടായ സാഹചര്യം സംബന്ധിച്ച് ശരിയായ കണക്കും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഹാജരാക്കിയ ഫയലിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ തുകയും ഗ്രാന്റുകളിൽ നിന്നും ഈടാക്കിയിട്ടുള്ള തുകകളും കൂടാതെ പൊതുടാപ്പുകൾ കട്ട് ചെയ്യുന്നതിനനുസൃതമായും വാട്ടർ അതോറിറ്റി നല്കുന്ന ബില്ലിൽ നിന്നും തുക കുറവാക്കിയിട്ടില്ല.

വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിട്ടിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ കണക്കും പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് വർക്കുകൾ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യപത്രിക B-18 Schedule പ്രകാരം KWA യിൽ 180396/-രൂപയും KSEBയിൽ 791411/- രൂപയും ഡെപ്പോസിറ്റ് വർക്കുകൾക്കായി നല്കിയ തുകയിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഏതൊക്കെ

പ്രോജക്ടുകൾക്ക് നല്കിയ തുകയാണെന്നും പ്രോജക്ട് നമ്പർ, പേര്, തുക എന്നീ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10 തീയതി 09.11.2023 )മറുപടി ഹാജരാക്കിയില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-28 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ, സേവന സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ മരണപ്പെട്ടതിനു ശേഷം ചില ഗുണഭോക്താക്കളുടെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ആക്ടീവ് ആയി തുടരുന്നതായി സേവന സോഫ്റ്റ് വെയറിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷണറുടെ പേര്/ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | രാജു ടി കെ, 2113334103 | 08.11.2022 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 2 | ദേവജിത്ത് ടി കെ, 2090003112 | 16.11.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 3 | കലാധരൻ.എൻ.കെ, 2090063023 | 16.10.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 4 | സരോജിനി, 2090040238 | 27.09.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 5 | അല്ലി, 2090055403 | 22.09.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 6 | രാധാകൃഷ്ണൻ.കെ.കെ, 293386712 | 04.08.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 7 | രമേശൻ, 2090029886 | 28.06.2022 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 8 | സാവിത്രിയമ്മ, 2220132510 | 24.06.2022 | അഗ്രികൾച്ചർ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 9 | മാർട്ടിൻ കെ.ഒ, 2043082127 | 01.06.2022 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 10 | അശോകൻ.എം.വി, 2170011415 | 20.04.2022 | കേരള ചെത്ത് തൊഴിലാളി പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |
| 11 | ഷാജി വി.ഇ, 293318384 | 28.02.2023 | കേരള മത്സ്യ തൊഴിലാളി ക്ഷേമ പെൻഷൻ, നിലവിൽ അക്കൗണ്ട് ആക്റ്റീവ് ആണ് |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ പ്രസ്തുത ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് 11.11.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16 ന് മറുപടി ലഭ്യമാക്കിയതിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ വിവിധ ക്ഷേമനിധി ബോർഡുകളെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

ക്ഷേമനിധി ബോർഡുകളിൽ നിന്നും മരണപ്പെട്ടതിനു ശേഷവും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാത്ത വ്യക്തികളുടെ വിവരങ്ങൾ അടിയന്തിരമായി അതാത് ബോർഡുകൾക്ക് അറിയിപ്പുകൾ നൽകേണ്ടതും ആയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മൽസ്യത്തൊഴിലാളികൾക്ക വഞ്ചിയും വലയും- അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മൽസ്യത്തൊഴിലാളികൾക്ക വഞ്ചിയും വലയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ടിന്റെ നം / വർഷം | SO46/23 |
| അടങ്കൽ തുക / ഫണ്ട് | 1)30,000/- |
| ചെലവ് തുക/ ബിൽ നം തിയതി | 1)30,000/- ബിൽ നം 7 തീയതി 24.05.2022. |

എഴിക്കര ഗ്രാമപഞ്ചായത്ത് സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് 2022-23വർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയ മൽസ്യത്തൊഴിലാളികൾക്ക വഞ്ചിയും വലയും എന്ന പ്രോജക്ടിനായി 30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റ് ഫയൽ ഹാജരാക്കിയെങ്കിലും ചെലവ് വിവരങ്ങൾ ലഭ്യമായിരുന്നില്ല. ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14തി.9.11.2023) നൽകിയപ്പോൾ 2021-22 വർഷം നടപ്പാക്കിയ ഇതേ പ്രോജക്റ്റിൽ (നം 79/22) നൽകുവാൻ ബാക്കിയുള്ള തുകക്ക് സ്പിൽ ഓവറായി വച്ചതാണ് 2022-23 ലെ പ്രോജക്റ്റ് എന്ന മറുപടിയോടെ ആ ഫയൽ ഹാജരാക്കുകയുണ്ടായി. എന്നാൽ 79/22 പ്രോജക്റ്റ് പ്രകാരം 2021-22 വർഷം തന്നെ മുഴുവൻ തുകയും ചെലവ് ചെയ്തിട്ടുള്ളതായി കാണുന്നു. തുക ചെലവു ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നം, പേര് | തുക | BRN No/ Sanction Order No/dt |
|---|---|---|---|
| 1. | 79/22,മൽസ്യ ത്തൊഴിലാളികൾക്ക വഞ്ചിയും വലയും | 1)110700/- വഞ്ചിയുടെ വില 2)22500/- വലയുടെ വില | 21110352017001468532 /25.3.2022 |
| 2. | 79/22,മൽസ്യ ത്തൊഴിലാളികൾക്ക വഞ്ചിയും വലയും | 1)36900/- വഞ്ചിയുടെ വില (ഗുണഭോക്തൃ | 361/25.3.22 |

| | | | |
|---|---|---|---|
| | | വിഹിതം)<br>2)7500/- വലയുടെ വില (ഗുണഭോക്തൃ വിഹിതം) | |

മുൻവർഷം 6 ഗുണഭോക്താക്കൾ വഞ്ചിയും വലയും കൈപ്പറ്റിയതിന്റെ രേഖകൾ (രജിസ്റ്റർ) ഹാജരാക്കിയിട്ടുള്ളതാണ്. മാത്രമല്ല 2022-23 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റോ , മറ്റ് രേഖകളോ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ 2022-23 വർഷം സ്പിൽ ഓവർ പ്രോജക്ടായി ചെലവഴിച്ചത് തുക ഇരട്ടിപ്പായി കാണുന്നതിനാൽ ₹30,000/- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 665902 | 33/23 പൊക്കാളി കൃഷി കൂലിചെലവ് | 665902 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | „ | 285000 | 59/23, ലൈഫ് ഭവനം (ജനറൽ) | 285000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | „ | 200000 | 60/23, ലൈഫ് സ്ഥലം വാങ്ങൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | „ | 200000 | 99/23, പാൽ വില സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | „ | 303300 | 194/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 303300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | „ | 138536 | 208/23, മിനി എം സി എഫ് സ്ഥാപിക്കൽ | 138536 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ,, | 74790 | 25/23,പാലിയേറ്റീവ് കെയർ | 74790 | |
| ബ്ലോക്ക് പഞ്ചായത്ത് | ,, | 20000 | 117/23,ജനകീയ ഹോട്ടൽ | 20000 | |
| ആകെ | | 1887528 | | 1887528 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,000 | 59/23, ലൈഫ് ഭവനം (ജനറൽ) | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 2,31,010 | 94/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,31,010 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 654480 | 33/23 പൊക്കാളി കൃഷി കൂലിചെലവ് | 654480 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 851731 | 50/23, അത്താണി ആവൂട്ടി റോഡ് | 851731 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 894645 | 156/23 കുറച്ചിപറമ്പ് റോഡ് | 894645 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 20,00,000 | 49/23 പുളിങ്ങനാട് റോഡ് | 20,00,000 | |
| ജില്ലാ പഞ്ചായത്ത് | ,, | 878892 | 156/23, മേപ്പിള്ളികടവ്റോഡ് | 878892 | 0 |
| ജില്ലാ പഞ്ചായത്ത് | ,, | 1102500 | 210/23, SCവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1102500 | |
| ജില്ലാ പഞ്ചായത്ത് | ,, | 36000 | 214/23, SCവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 36000 | |
| ആകെ | | 67,49,258 | | 67,49,258 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KWA | 187/23 | ബിൽ നം 135തി | 95000/- |

| | | | |
|---|---|---|---|
| | പൊതുടാപ്പുകൾ കട്ട് ചെയ്യൽ | 17.11.22 | |
| ആകെ | | | 95000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ് ഭവന പദ്ധതി) | സ.ഉ (സാധാ.) 124/18 , ത.സ്വ.ഭ.വ, 11.09.2018 | - | 6923101 | 2972460 | 0 | 3950641 |

പൊതുവിഭാഗം വികസന ഫണ്ട്, പ്രത്യേക ഘടകപദ്ധതി വിഹിതം എന്നിവയുടെ സ്രോതസ്സിൽ നിന്നാണ് വായ്പ തിരിച്ചടവ് തുക കുറയ്ക്കുന്നത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,40,33,585 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,56,35,064 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 81,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30,000 | ശ്രീമതി സീന അഗസ്റ്റിൻ, സബ് ഇൻസ്പെക്ടർ,ഫിഷറീസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50,000 | ശ്രീമതി വിജയശ്രീ പി.പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 20,000 | ശ്രീമതി സിന്ധു സി ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 11,000 | ശ്രീമതി മീന മാത്യു പി, സെക്രട്ടറി |
| ആകെ | 81,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി മീന മാത്യു പി സെക്രട്ടറി | സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് | ചെമ്മണ്ണൂർ ഹൌസ്, RLRA9B,വടുതല |
| 2 | ശ്രീമതി സീന അഗസ്റ്റിൻ, സബ് ഇൻസ്പെക്ടർ,ഫിഷറീസ് | ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് ട്രെയിനിംഗ്, ആലുവ | പറയന്തറ ഹൌസ്, കടവന്ത്ര,കൊച്ചി 682020 |
| 3 | ശ്രീമതി സിന്ധു സി ടി, അസിസ്റ്റന്റ് സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു. | വേലംപറമ്പിൽ, ചിറക്കകം, വരാപ്പുഴ പി ഒ, വരാപ്പുഴ |
| 4 | ശ്രീമതി വിജയശ്രീ പി.പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് | നാക്കാലിൽ, ശ്രീഗൗതം, കൈതാരം പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളൂ. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ

തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&<br>2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016, തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017, തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020 തീയതി 3.3.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.12)1381/2021 തീയതി.06.01.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.12)1382/2021 തീയതി.06.01.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി.12)209/2023 തീയതി.12.04.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 11-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ezhikkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ezhikkara Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Ezhikkara Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

5. Discrepancy in carrying forward of the closing balance in the year 2021-22 as opening balance for the

year 2022-23.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
3. CFLTC bank account closing balance is in mismatch with the amount shown in the AFS
4. SUB Treasury Account no. 1036 was not produced for verification.
5. LIFE -State share closing balance amount shown in the balance sheet does not match with bank account .
6. Finance Commission Grant expenditure is in mismatch with Appropriation Control Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്